LIBRARY ARCHIVES Kerala Legislative Assembly

ഇ-ഫയലിംഗ്

66 (4790) ശ്രീമതി കാനത്തിൽ ജമീല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ താലൂക്കുകളിൽനിന്നും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകൾക്കുവേണ്ടി അയയ്ക്കുന്ന അപേക്ഷകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചുവരാൻ കാലതാമസവും ഏത് ഗസറ്റിലാണ് പ്രസിദ്ധീകരിച്ച് വരുന്നതെന്ന് അറിയാൻ ജനങ്ങൾക്ക് ബുദ്ധിമുട്ടും അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും ഏറ്റവും അടുത്ത് പ്രസിദ്ധീകരിക്കുന്ന ഗസറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഫയൽ നമ്പർ (കമ്പ്യൂട്ടർ ഇ-ഫയൽ നമ്പർ) ഉപയോഗിച്ച് പിന്നീട് ആയത് ഏത് ഗസറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് അറിയാവുന്ന തരത്തിൽ ഈ സംവിധാനങ്ങൾ കണക്ട് ചെയ്തുകൊണ്ട് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാകുമോ ; വിശദമാക്കാമോ;

&

(സി) റവന്യൂ വിഭാഗം ഇ-ഫയലിംഗ് സംവിധാനത്തിലേയ്ക്ക് മാറുമ്പോൾ ഗവൺമെന്റ് പ്രസ്സിനെ കൂടി കണക്ട് ചെയ്തുകൊണ്ട് ഗസറ്റ് വിജ്ഞാപന സെക്ഷൻ കൂടി ഇതിന്റെ ഭാഗമാക്കാൻ ആലോചിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാണ്. കേരള സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി, അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന "കംപോസ് പ്രോജക്ട്"-ന്റെ ഭാഗമായി സാധാരണ ഗസറ്റുകൾ, പൂർണ്ണമായും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇ-ഫയലിംഗ് സംവിധാനം ലിങ്ക് ചെയ്യുന്നതിനുള്ള മൊഡ്യൂൾ കംപോസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിൽ ആപ്ലിക്കേഷനുകൾ

67 (4791) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി സ്വകാര്യ സംരംഭകർ രൂപപ്പെടുത്തി വിതരണം ചെയ്യുന്ന ഓൺലൈൻ/മൊബൈൽ ആപ്ലിക്കേഷനുകളുടെ ഫീസ് നിരക്ക്, ഉള്ളടക്കം, ഗുണനിലവാരം, സേവന വ്യവസ്ഥ എന്നിവ വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?